3. ചെമ്പഴന്തി എസ്.എൻ. ഹോമിയോ ആയുർവേദ ഡിസ്പെൻസറി നടത്തിവന്ന വൈദ്യനെതിരെ രജിസ്ട്രേഷനില്ലാതെ ചികിൽസ നടത്തരുതെന്നും ചികിൽസ നടത്തുന്ന പക്ഷം നിയമനടപടി സ്വീകരിക്കുമെന്നും താക്കീത് നൽകിയിട്ടുണ്ട്.

മറ്റു ആറു പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

ഹോമിയോ മെഡിസിൻ

ഹോമിയോ വിഭാഗത്തിൽ 15 സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്. കോട്ടയത്ത് ഇൻഡ്യൻ ഹോമിയോ മിഷൻ എന്ന പേരിൽ അംഗീകാരമില്ലാത്ത സ്ഥാപനം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട പോലീസ് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് നടക്കാവ് ബക്ഷി ക്ലിനിക്ക്, രാമനാട്ടുകരയിലെ രാജീവ് ക്ലിനിക്ക്, ബാലുശ്ശേരിയിലെ പാഗൽചന്ദ് ക്ലിനിക്ക്, അത്തോളിയിലെ അതുൽ ക്ലിനിക്ക്, കാരപ്പറമ്പിലെ അർച്ചന ക്ലിനിക്ക് തുടങ്ങിയവക്കെതിരെ ലഭിച്ച പരാതിയിൽ അന്വേഷിച്ച് മേൽനടപടി സ്വീകരിക്കുവാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബാക്കി 9 പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

മറ്റുള്ളവ

മുകളിൽ പറഞ്ഞ വിഭാഗങ്ങളിലല്ലാതെ മറ്റു വിഭാഗങ്ങളിൽ ചികിൽസ നടത്തുന്നവർക്കെതിരായി 11 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഏഴു പരാതികൾ മേൽനടപടികൾക്കായി പോലീസ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്. മൂന്നു പരാതികൾ പരിശോധിച്ചുവരുന്നു. ഒരു പരാതിയിൽ കൗൺസിൽ രജിസ്ട്രേഷൻ എടുക്കുവാനായി ആവശ്യപ്പെട്ടിട്ടുണ്ട്.

തടവുകാർക്ക് പരോൾ അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ

* 6 [156] ശ്രീ. സാജുപോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, പി. ജയരാജൻ:

,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ ഉദാരമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്നാണ്;

(ബി) റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൻമേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതനുസരിച്ച് ബന്ധപ്പെട്ട ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) കാലാവധി കഴിഞ്ഞ തടവുകാരെ വിട്ടയക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 2-11-2003-ൽ

(ബി ആന്റ് സി) കമ്മിറ്റി സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാരാരുംതന്നെ നിലവിൽ കേരളത്തിലെ ജയിലുകളിൽ ഇല്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എക്സ്-റേ യൂണിറ്റുകൾ

* 7 [157] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എക്സ്-റേ യൂണിറ്റുകളിൽ ഭൂരിപക്ഷവും മതിയായ സുരക്ഷാ സംവിധാനങ്ങളോ, അധികൃതരുടെ നിബന്ധനകളോ പാലിക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അണുശക്തി നിയന്ത്രണ സമിതിയുടെ സുരക്ഷിതത്വ നിയമങ്ങൾ അവഗണിച്ചുകൊണ്ടാണ് മിക്ക എക്സ്-റേ യൂണിറ്റുകളും പ്രവർത്തിക്കുന്നതെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സുരക്ഷിതത്വ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എക്സ്-റേ യൂണിറ്റുകൾക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ/സഹകാരി ആശുപത്രികളിൽ 2540 എക്സ്റേ മെഷീൻ പ്രവർത്തിച്ചുവരുന്നു. അതിൽ 1683 എക്സ്റേ മെഷീനുകൾ എല്ലാവിധ സുരക്ഷാ സംവിധാനങ്ങളും പാലിച്ചുകൊണ്ടാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ 483 എണ്ണം പൂർണ്ണമായും സുരക്ഷിതമാണ്. 1200 എക്സ്റേ യൂണിറ്റുകൾക്ക് യോഗ്യതയുള്ള റേഡിയോഗ്രാഫർമാരുടെ അഭാവം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly